**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **03.02.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 184** **മറുപടിക്ക്**

**കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. യു. പ്രതിഭ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കായംകുളം മണ്ഡലത്തിലെ കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ നിലവിൽ എൻ.ടി.പി.സി. യുടെ പേരിലുള്ള ജീർണ്ണാവസ്ഥ യിലായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ കരീലക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന ആലപ്പുഴ സ്പിന്നിംഗ് മിൽ വിട്ടുനൽകിയ സ്ഥലത്ത് പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | ബി) ആലപ്പുഴ ജില്ലയിലെ കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിടം, കാർത്തികപ്പള്ളി താലൂക്കിലെ പത്തിയൂർ വില്ലേജിൽ ബ്ലോക്ക് നം. 21 ൽ റീസർവ്വേ നമ്പർ 460/6, 461/15, 461/16, 461/17, 462/3 ൽ ഉൾപ്പെട്ട 10.10 ആർ ഭൂമിയിൽ നിർമ്മിക്കുന്നതിനായി കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ 153.46 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയിരുന്നു. ഇത് സർക്കാർ പരിശോധിക്കുകയും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അധികഫണ്ട് വകയിരുത്തി ഭരണാനുമതി നൽകാൻ നിർവ്വാഹമില്ലെന്ന് സംസ്ഥാന പോലീസ് മേധാവിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ